**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5377** **03-11-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് യഥാസമയം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ആർ.സി.സി.യിൽ ജോലി ചെയ്തുവരവേ രോഗ ബാധിതരായ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | ആർ.സി.സി യിൽ കേരള സ്റ്റേറ്റ് ഗവ. സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 അനുസരിച്ചുള്ള ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. എന്നാൽ 08/08/2018 തീയതിയിലെ സ.ഉ.(കൈ) 158/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2019-2020 മുതൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ട രീതിയിൽ ആർ.സി.സി എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (REPHIS) എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പടി പദ്ധതി നടപ്പാക്കുന്നതോടെ കാലതാമസം ഒഴിവാക്കാൻ കഴിയും. |
| (ബി) | നിലവിൽ എത്ര പേർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് നൽകാനുണ്ട്; വിശദാംശം നൽകാമോ; | (ബി) | നിലവിൽ 382 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| (സി) | ഇതിൽ മാരക രോഗങ്ങൾക്ക് ചികിത്സ തേടുന്ന ജീവനക്കാർക്കും വിരമിച്ചവർക്കും യഥാസമയം പ്രസ്തുത തുക അനുവദിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ആർ.സി.സി എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (REPHIS) എന്ന ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് നിലവിലുള്ള അപേക്ഷകളെല്ലാം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ